2024 NOVEMBER
01
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper


വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# രാഷ്ട്രീയ ശക്തിയാകാൻ കെ.വി.വി.ഇ.എസ്

## സംസ്ഥാന സമിതി പ്രമേയം പാസാക്കി

**കൊച്ചി:** രാഷ്ട്രീയ ശക്തിയായി മാറാനൊരുങ്ങി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി.ചെറുകിട വ്യാപാരി വ്യവസായികളുടെ താൽപ്പര്യം സംരക്ഷിക്കാൻ എന്നും മുന്നിൽ നിൽക്കുന്നതും രാജ്യത്തെ ഏറ്റവും വലുതും കേഡർ സ്വഭാവമുള്ളതുമായ കൂട്ടായ്മയാണ് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി. എന്നാൽ വോട്ടിനും നോട്ടിനും വേണ്ടി മാത്രം വ്യാപാരികളോട് സ്നേഹം നടിക്കുകയും മറുവശത്ത് വേട്ടക്കാരോടൊപ്പം വ്യാപാരികളെ സംഹരിക്കാൻ കൂട്ടു നിൽക്കുകയും ചെയ്യുന്ന സമീപനമാണ് കേന്ദ്ര,സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നത്. അതുകൊണ്ടു തന്നെ ഇരു സർക്കാരുകൾക്കെതിരെയും ശക്തമായ നിലപാട് സ്വീകരിക്കാതെ കേരളത്തിലെ വ്യാപാര സമൂഹത്തിന് ഇനി മുന്നോട്ടു പോകാൻ കഴിയില്ലെന്ന് പ്രസിഡന്റ് രാജു അപ്സരയുടെ അധ്യക്ഷതയിൽ ആലപ്പുഴയിൽ ചേർന്ന സംസ്ഥാന സമിതിയിൽ കെ.വി അബ്ദുൾ ഹമീദ് അവതരിപ്പിച്ച രാഷ്ട്രീയ പ്രമേയം വ്യക്തമാക്കുന്നു. പ്രമേയം ഏകോപന സമിതി (കെ.വി.വി.ഇ.എസ്) ഏകകണ്ഠേന പാസാക്കി. വ്യാപാര സമൂഹത്തിന്റെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായ ബാധിക്കുന്ന ഓൺലൈൻ വ്യാപാരം, കുത്തകകളുടെ കടന്നുകയറ്റം, വഴിയോര വാണിഭം, തദ്ദേശസ്ഥാപനങ്ങളിലെ ഫീസ് വർധന അടക്കമുള്ള വിഷയങ്ങളിൽ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന അനങ്ങാപ്പാറ നയം വ്യാപാരികളെ ആത്മഹത്യയിലെക്ക് തള്ളി വിടുന്നു. ആംനെസ്റ്റി പദ്ധതി നടപ്പിലാകുമ്പോഴേയ്ക്കും കേരളത്തിലെ വ്യാപാരികളും അവരുടെ സ്ഥാപനങ്ങളും നാമാവശേഷമായിക്കഴിഞ്ഞിരിക്കും. ഇതിനെ അതിജീവിക്കണമെങ്കിൽ വ്യാപാരികൾ തന്നെ സ്വയം രംഗത്തിറങ്ങാതെ സാധ്യമല്ലാത്ത സാഹചര്യത്തിലാണ് രാഷ്ട്രീയ ശക്തിയായി മാറാൻ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തീരുമാനിച്ചതെന്ന് ഏകോപന സമിതി സംസ്ഥാന വക്താവും വൈസ് പ്രസിഡന്റുമായ പി.സി ജേക്കബ്ബ് പറഞ്ഞു. കേരളത്തിലെ 941 ഗ്രാമപ്പഞ്ചായത്തുകളിലും 86 നഗരസഭകളിലും അഞ്ച് കോർപ്പറേഷനുകളിലുപം കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയ്ക്ക് സജീവ സംഘടനാ സംവിധാനവും ലക്ഷകണക്കിന് അംഗങ്ങളും കുടുംബാഗങ്ങളും ജീവനക്കാരുമടക്കം വലിയ വോട്ടുബാങ്കുണ്ട്. മുന്നണികളുടെ കപട സ്നേഹത്തിൽ വിശ്വസിച്ച് ഇനി മുന്നോട്ടു പോകാൻ വ്യാപാരികൾ തയ്യാറല്ല. വ്യാപാരികളുടെ പ്രശ്നം നിയമസഭയിൽ എത്തണമെങ്കിൽ വ്യാപാരികളുടെ പ്രതിനിധികളും സഭയിലുണ്ടാകണം. ഒരു രാഷ്ട്രീയ കക്ഷിയോടും പ്രത്യേക മമതയോ വിരോധമോ ഇല്ല. വരുന്ന നിയമ സഭാ തിരഞ്ഞെടുപ്പിൽ സഹകരിക്കാൻ തയ്യാറാകുന്നവരുമായി ചർച്ച നടത്തി വ്യാപാരി പ്രതിനിധികളെ നിയമസഭയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ മുഴുവൻ നിയോജകമണ്ഡലം കമ്മിറ്റികളും പുനക്രമീകരിക്കുന്ന നടപടികൾ ആരംഭിച്ചു. എറണാകുളം ജില്ലയിൽ നിയോജകമണ്ഡലം കമ്മിറ്റികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കർഷകർ അടക്കമുള്ള സമാന ചിന്താഗതിക്കാരുമായി ചർച്ചകൾ നടന്നു വരികയാണെന്നും പി സി ജേക്കബ്ബ് പറഞ്ഞു.

## ബസേലിയോസ് തോമസ് പ്രഥമൻ ബാവ കാലം ചെയ്തു



**കൊച്ചി:** യാക്കോബായ സഭാ അധ്യക്ഷൻ ബസേലിയോസ് തോമസ് പ്രഥമൻ ബാവ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്നു. ഇന്നലെ വൈകിട്ട് 5.21 നാണ് അന്ത്യം സംഭവിച്ചത്. ആറ് മാസമായി ചികിത്സയിൽ കഴിയുകയായിരുന്നു. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്നാണ് ഇദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രണ്ടു പതിറ്റാണ്ടിലധികമായി യാക്കോബായ സുറിയാനി സഭയുടെ ഇടയനായിരുന്നു.എറണാകുളം ജില്ലയിലെ പുത്തൻകുരിശ് വടയമ്പാടിയിൽ ചെറുവിള്ളിൽ കുടുംബത്തിലെ മത്തായിയുടേയും കുഞ്ഞാമ്മയുടേയും എട്ടുമക്കളിൽ ആറാമനായി 1929 ജൂലൈ 22 നായിരുന്നു കുഞ്ഞൂഞ്ഞ് എന്ന് വിളിപ്പേരുള്ള സിഎം തോമസ് ജനിച്ചത്. മലേക്കുരിശ് ദയറായിൽ അക്കാലത്ത് വൈദികനായിരുന്ന സിവി എബ്രഹാമുമായുള്ള സൗഹൃദമാണ് തോമസിനെ വൈദികവൃത്തിയിലേക്ക് ആകർഷിച്ചത്. 1958 ൽ വൈദികപട്ടം സ്വീകരിച്ചു. 1974 ഫെബ്രുവരി 24 ന് മെത്രാപ്പോലീത്തയായി അഭിഷിക്തനായി. പുത്തൻകുരിശിൽ 2000 ഡിസംബർ 27ന് ചേർന്ന പള്ളി പ്രതിപുരുഷയോഗമാണ് തോമസ് മാർ ദിവന്ന്യാസിയോസിനെ നിയുക്ത കാതോലിക്കാസ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്. 2002 ജൂലൈ 26ന് ബസേലിയോസ് തോമസ് പ്രഥമൻ എന്ന പേരിൽ ശ്രേഷ്ഠ കാതോലിക്കബാവയായി ദമാസ്ക്കസിൽ വെച്ച് അദ്ദേഹം അഭിഷിക്തനായി. ആരോഗ്യകാരണങ്ങളാൽ 2019 മെയ് 1 ന് ഭരണച്ചുമതലകളിൽ നിന്ന് ഒഴിഞ്ഞെങ്കിലും ആത്മീയ നേതൃസ്ഥാനത്ത് തുടരുകയായിരുന്നു.

## ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ്: നിലപാട് വ്യക്തമാക്കി പ്രധാനമന്ത്രി



**അഹമ്മദാ ബാദ്:** ഐക്യത്തിനായുള്ള ശ്രമങ്ങളുടെ ഭാഗമായി ഒരു രാഷ്ട്രം, ഒരു തിരഞ്ഞെടുപ്പ്, ഒരു രാജ്യം, ഒരു സിവിൽ കോഡ്, അതായത് മതേതരത്വ സിവിൽ കോഡ് എന്നിവക്കായി പ്രവർത്തിക്കുകയാണെന്ന് പ്രധാനമന്ത്രി പ്രധാനമന്ത്രി നരേന്ദ്രമോഡി. ഗുജറാത്തിലെ കേവഡിയയിലെ ഏകതാ പ്രതിമയിൽ സർദാർ വല്ലഭ്ഭായ് പട്ടേലിന് ശ്രദ്ധാഞ്ജലി അർപ്പിച്ച ശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ജമ്മു കാശ്മീരിനെ സംബന്ധിച്ച ആർട്ടിക്കിൾ 370 റദ്ധാക്കിയത് ഒരു നാഴികക്കല്ലായി മാറിയതായി പ്രധാനമന്ത്രി പറഞ്ഞു, 'ആദ്യ ജമ്മു കശ്മീർ മുഖ്യമന്ത്രി ഇന്ത്യൻ ഭരണഘടനയ്ക്ക് കീഴിലാണ് സത്യപ്രതിജ്ഞ ചെയ്തത്' അത് ഇന്ത്യയുടെ ഐക്യത്തിന് ഒരു പ്രധാന നാഴികക്കല്ലാണെന്ന് അദ്ദേഹം പറഞ്ഞു.



# കളമശേരി എച്ച് എം ടി ജംഗ്ഷനിലെ ഗതാഗത ക്രമീകരണം വിജയം; ഇടപ്പള്ളിയിലെ ക്രമീകരണവും സ്ഥിരമാക്കും

**കൊച്ചി:** എറണാകുളം ജില്ലയിലെ അങ്കമാലി,ആലുവ കളമശ്ശേരി, ഇടപ്പള്ളി എന്നിവിടങ്ങളിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപ്പാക്കിയ ഗതാഗത ക്രമീകരണങ്ങൾ വിജയകരമാകുന്നുവെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരായ ടി.എം. ജെർസൺ, കെ. മനോജ് എന്നിവർ വാർത്തസമ്മേളനത്തിൽ അറിയിച്ചു. മന്ത്രി നൽകിയ നിർദേശങ്ങൾ നടപ്പിലാക്കിയതോടെ ഈ പ്രദേശങ്ങളിലെ ഗതാഗതകുരുക്ക് കുറഞ്ഞു.അത്താണി നെടുമ്പാശ്ശേരി ജംഗ്ഷനിലെ ഫ്രീ ലെഫ്റ്റ് സംവിധാനം ആലുവഅങ്കമാലി ദിശയിൽ തയ്യാർ ചെയ്തതും എയർപോർട്ടിലേക്ക് പ്രത്യേക സൗകര്യം സജ്ജമാക്കിയതും ഗതാഗതം സുഗമമായി കടന്നു പോകുന്നതിനു സൗകര്യപ്രദമായി. അങ്കമാലിയിൽ നിന്നും എയർപോർട്ട് ഭാഗത്തേക്കുള്ള വാഹനങ്ങൾക്ക് ഫ്രീ ലെഫ്റ്റ് സംവിധാനം പ്രാബല്യത്തിൽ വന്നു. കൂടാതെ സ്റ്റേജ് ക്യാരേജുകളുടെ അങ്കമാലി നഗരപ്രവേശനം തിരക്കുള്ള സമയത്ത് ഒഴിവാക്കിയതും കുരുക്കിന് പരിഹാരം കാണുവാൻ സഹായിച്ചു.ആലുവ ജംഗ്ഷനിൽ ഫ്ലൈ ഓവർ വഴി ഫ്രീ ലെഫ്റ്റ് എടുത്ത് നഗരത്തിൽ പ്രവേശിക്കുന്നതിനും, ആലുവയിൽ നിന്നും അങ്കമാലിയിലേക്ക് ഫ്രീ ലെഫ്റ്റ് എടുത്ത് പോകാവുന്ന രീതിയിൽ സമയ ലാഭം ലഭിക്കുന്ന വിധം സിഗ്നലുകൾ തയ്യാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പറവൂർക്കവലയിൽ ഏകദേശം 42 ലക്ഷം രൂപ ചെലവിൽ ഫ്രീ ലെഫ്റ്റ് സംവിധാനം നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചതായി മന്ത്രി അറിയിച്ചിട്ടുണ്ട് .മന്ത്രി പി രാജീവിന്റെ നിർദ്ദേശാനുസരണം നടപ്പാക്കിയ ക്രമീകരണം എച്ച് എം ടി ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് കുറക്കുവാൻ സാധിച്ചു. എച്ച്എംടി ജംഗ്ഷനിൽ 17 കോൺഫ്ലിക്ട് പോയിന്റ് ഉണ്ടായിരുന്നതും, സിഗ്നലുകളും ഒഴിവാക്കി മൂന്ന് പോയിന്റുകൾ മാത്രമാക്കി യാത്രക്കാർക്ക് സുഗമമായി സഞ്ചരിക്കുവാൻ സജ്ജമാക്കി. കാൽനട യാത്രക്കാർക്ക് ആയി സീബ്രാ ലൈൻ തയ്യാർ ചെയ്ത വരുന്നു.സമാന രീതിയിലുള്ള ക്രമീകരണമാണ് കഴിഞ്ഞയാഴ്ച മുതൽ ഇടപ്പള്ളി ജംഷനിലും ഏർപ്പെടുത്തിയത്. ഒക്ടോബർ 22 മുതൽ ഇടപ്പള്ളിയിലെ രണ്ടു യു ടേണുകളും അടച്ചു. ഇത് വഴി ബ്ലോക്ക് കുറയ്ക്കുവാൻ സാധിച്ചു. ഈ പരിഷ്കാരം സിഗ്നൽ ബോർഡും മറ്റും സ്ഥാപിച്ച് സ്ഥിരമാക്കും. ആലുവ ഭാഗത്തു നിന്ന് വൈറ്റിലയിലേക്കുള്ള വനങ്ങൾക്ക് ഫ്രീ ലെഫ്റ്റ് ആയി പോകാനാകും. ഗതാഗത വകുപ്പ് മന്ത്രി നേരിട്ട് ഉദ്യോഗസ്ഥർക്ക് നിർദേശങ്ങൾ നൽകുകയും ഇതു സംബന്ധിച്ച പുരോഗതി ഓൺലൈൻ യോഗത്തിൽ ചർച്ച ചെയ്യുകയും ചെയ്തു.ഒരു പരിധി വരെ സിഗ്നൽ സംവിധാനത്തിൽ വരുത്തിയ മാറ്റം മൂലം കരയാംപറമ്പ് മുതൽ ഇടപ്പള്ളി വരെയുള്ള ദേശീയപാത യാത്ര സുഗമമായി. അതോടൊപ്പം എല്ലാ സിഗ്നൽ സംവിധാനങ്ങളും റോഡ് കേരള സേഫ്റ്റി അതോറിറ്റിയുടെ കീഴിലാക്കുമെന്നും മന്ത്രി അറിയിച്ചതായി ആർ ടി ഒ പറഞ്ഞു. വൈറ്റിലയിലെയും കാക്കനാട് ജംഗ് ഷ നിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നഗരത്തിൽ മത്സരയോട്ടം നടത്തുന്ന ബസുകൾക്കെതിരേ നടപടി കർശനമാക്കും. വിലകൂടിയ ആഢംബര ബൈക്കുകൾ അമിത വേഗത്തിൽ ഓടിക്കുന്നവർക്കെതിരേ നടപടി സ്വീകരിക്കുന്നുണ്ട്. നേരത്തേ പരീക്ഷണാടിസ്ഥാനത്തിൽ കളമശേരി എച്ച് എം ടി ജംഗ് ഷനിൽ ആരംഭിച്ച ഗതാഗക്രമീകരണം സ്ഥിരമാക്കും.




## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബറിൽ നിലവിൽ ക്യൂബ് ഐസ് പ്ലാന്റ് റ് പ്രവർത്തിച്ചിരുന്ന സ്ഥലം കയ്നർ ഐസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അഞ്ച് വർഷത്തേക്ക് വാടകയ്ക്ക്/ലീസിന് നൽകുന്നതിന് ഇടെ9ഡർ ക്ഷണിച്ചു. ടെ9ഡർ സ്വീകരിക്കുന്ന അവസാന തിയതി നവംബർ 13.
ഫോൺ 0484 2397370.

## മെക്കാനിക് പോലീസ് കോൺസ്റ്റബിൾ; ശാരീരിക അളവെടുപ്പ്

**കൊച്ചി:** പോലീസ് (മോട്ടോർ ട്രാൻസ്പോർട് വിഭാഗം) വകുപ്പിൽ മെക്കാനിക് പോലീസ് കോൺസ്റ്റബിൾ (കാറ്റഗറി നമ്പർ: 128/2023) തസ്തികയിലേക്കുള്ള ശാരീരിക അളവെടുപ്പ് പരീക്ഷ നവംബർ അഞ്ച്, ആറ് തീയതികളിലായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ആഫീസിൽ രാവിലെ 09.30 മുതൽ നടത്തും. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റും, അസൽ തിരിച്ചറിയൽ രേഖയും, നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം ശാരീരിക അളവെടുപ്പിനായി ഹാജരാകണം. ശാരീരിക അളവെടുപ്പിൽ വിജയിക്കുന്ന ഉദ്യോഗാർഥികളുടെ സർട്ടിഫിക്കറ്റുകളുടെ പരിശോധനയും അതാത് ദിവസം നടത്തുന്നതിനാൽ ഉദ്യോഗാർത്ഥികൾ യോഗ്യത, സംവരണാനുകൂല്യം എന്നിവ തെളിയിക്കുന്ന രേഖകൾ കൊുവരണം

## സബ്സിഡിയോടുകൂടി സംരംഭ വായ്പ

**കൊച്ചി:** ഒ.ബി.സി വിഭാഗക്കാരായ വിധവവകൾക്ക് കേരള സർക്കാർ സ്ഥാപനമായ സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ എറണാകുളം ഓഫീസിൽ നിന്നും സ്വന്തം പേരിലുള്ള നാല് സെന്റ് വസ്തുവിൽ കരം അടച്ച രശീതിന്റെ ജാമ്യത്തിൽ ഇരുപതിനായിരം രൂപ സബ്സിഡിയോടുകൂടി ഒരു ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പ നൽകുന്നു. ഫോൺ 04842394005, 9447710077.

## മാലിന്യ മുക്ത നവകേരളത്തിനായി ജനകീയ കാമ്പയിൻ

**കൊച്ചി:** മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിലൂടെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളെ നവംബർ ഒന്നിന് ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കും. സഞ്ചാരികൾക്ക് നയന വിസ്മയം ഒരുക്കുന്നതിനൊപ്പം ശുചിത്വ മികവിലും മാതൃകയാകാൻ കേരളപ്പിറവി ദിനത്തിൽ ഒരുങ്ങുന്നത് 68 വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്.ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക സംഘം സ്ഥലം സന്ദർശിച്ച് മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിരോധനം നടപ്പാക്കൽ, ബദൽ സംവിധാനങ്ങൾ ഒരുക്കൽ, വൃത്തിയുള്ള ടോയ്ലറ്റ് സംവിധാനങ്ങൾ തുടങ്ങിയ ശുചിത്വ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ഹരിത ടൂറിസം കേന്ദ്രങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നത്.പാരിസ്ഥിതികവും സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യമുള്ള പ്രദേശങ്ങളാണ് നമ്മുടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഭൂരിഭാഗവും. അവയെ എല്ലാം ശുചിത്വ മികവിലേക്ക് എത്തിക്കുക മാത്രമല്ല സമ്പൂർണ ഹരിത ടൂറിസം കേന്ദ്രങ്ങളായി സംരക്ഷിക്കാൻ കൂടിയാണ് മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.വാടിക (കോട്ട മൈതാനം, പാലക്കാട്) , അടവി ഇക്കോ ടൂറിസം കേന്ദ്രം പത്തനംതിട്ട, നിലമ്പൂർ തേക്ക് മ്യൂസിയം, കാരാപ്പുഴ ഡാം വയനാട്, ലോകനാർകാവ് ക്ഷേത്രം കോഴിക്കോട്, വിജയ ബീച്ച് പാർക്ക് ആലപ്പുഴ, പാണിയേലിപോര് എറണാകുളം, കാൽവരി മൗണ്ട് ഇടുക്കി, ജബ്ബാർ കടവ് കണ്ണൂർ, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, ബേക്കൽകോട്ട കാസർഗോഡ് തുടങ്ങി 68 വിനോദ സഞ്ചാര കേന്ദ്രങ്ങളെയാണ് ആദ്യ ഘട്ടത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നത്. അടുത്ത ഘട്ടത്തിൽ ജലസുരക്ഷ, ജൈവവൈവിദ്ധ്യ സംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നിവ പരിഗണിച്ചായിരിക്കും ഹരിതം ടൂറിസം കേന്ദ്രങ്ങളെ തിരഞ്ഞെടുക്കുന്നത്.

## ഭരണഭാഷാ വാരവും വിവരാവകാശ സെമിനാറും നവംബർ 2 ന്

**കൊച്ചി:** കൊച്ചിൻ കോർപ്പറേഷൻ, ചാവറ കൾച്ചറൽ സെൻറർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഭരണഭാഷാവാരവും വിവരാവകാശ സെമിനാറും സംഘടിപ്പിക്കുന്നു. നവംബർ രണ്ടിന് രണ്ടുമണിക്ക് ചാവറ കൾച്ചറൽ സെൻറർ ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.എ.അബ്ദുൽ ഹക്കീം മുഖ്യാതിഥിയായി സെമിനാർ നയിക്കും. ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ് ആധ്യക്ഷ്യം വഹിക്കും. ജില്ലാ ഉപഭോക്തൃ കമ്മിഷൻ പ്രസിഡൻറ് ഡി.ബി.ബിനു,സുപ്രീം കോടതി അഡ്വക്കേറ്റ് ഓൺ റെക്കോഡ് ജോസ് ഏബ്രഹാം എന്നിവർ ചർച്ച നയിക്കും. കോർപ്പറേഷൻ സെക്രട്ടറി പി.എസ് ഷിബു, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ. ബി. ബിജു എന്നിവർ സംസാരിക്കും. വിവിധ മേഖലകളിലെ വിവരാവകാശ ചുമതലയുള്ള ഉദ്യോഗസ്ഥർ പങ്കെടുക്കും.

# ആയുർവേദം കൂടുതൽ ജനകീയമാക്കും



**കൊച്ചി:** ആയുർവേദം കൂടുതൽ ജനകീയമാക്കുമെന്നും അതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ പറഞ്ഞു. ആരോഗ്യ സംരക്ഷണത്തിന് ആയുർവേദ നൂതന രീതികൾ വളരെ ഫലപ്രദമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാതല ദേശീയ ആയുർവേദ ദിനാചരണ പരിപാടികളുടെയും, ദേശീയ ആയുഷ് മിഷൻ ഈ വർഷം നടത്തുന്ന കാരുണ്യ,സ്പോർട്സ് ആയുർവേദ ആയുർ കർമ്മ, ദൃഷ്ടി,ഹർഷം, ജീവിത ശൈലീ രോഗ ക്ലിനിക്, സുപ്രജ എന്നീ പദ്ധതികളുടെയും ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നിർവഹിക്കുകയായിരുന്നു പ്രസിഡന്റ്. ജില്ലയിലെ വിവിധ ആയുർവേദ സ്ഥാപനങ്ങളിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആരോഗ്യ പരിപാടികളും, ബോധവൽക്കരണവും നടത്തും. ജീവിത ശൈലീ രോഗനിർണയ ക്യാമ്പുകളും സംഘടിപ്പിക്കും.പരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ, വനിതാ ശിശു വികസന വകുപ്പുകളുമായി സഹകരിച്ച് ആരോഗ്യ ഭക്ഷ്യ വിഭവങ്ങളുടെ മേളയും മത്സരവും സംഘടിപ്പിച്ചു. ഭക്ഷ്യമേളയിൽ വിജയികളായവർക്ക് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ് സമ്മാനം വിതരണം ചെയ്തു.ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ പി.ജി ഗീതാ ദേവി അധ്യക്ഷയായി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആശ സനിൽ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാരായ ശാരദാ മോഹൻ, ഷൈമി വർഗീസ്, എം.ബി ഷൈനി, ജില്ലാ പഞ്ചായത്ത് മെമ്പർ രവീന്ദ്രൻ, ഡോ.തോമസ് ജിബിൻ, ഡോ. മനു ആർ മംഗലത്ത്, ദേശീയ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കെ.വി.പി ജയകൃഷ്ണൻ, ഡോ. ഷർമദ് ഖാൻ എന്നിവർ പങ്കെടുത്തു.

# ജില്ലാ പദ്ധതി രൂപീകരണം: ആദ്യഘട്ട പരിശീലനം പൂർത്തിയായി

**കൊച്ചി:** ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാതല ഉപസമിതികൾക്കുള്ള ആദ്യഘട്ട പരിശീലനം പൂർത്തിയായി.എറണാകുളം ജില്ലാ ആസൂത്രണ സമിതിയുടെയും ജില്ലാ പ്ലാനിങ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ എല്ലാ വികസന വകുപ്പുകളുടേയും പങ്കാളിത്തത്തോടെ ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ജില്ലാ പദ്ധതി രൂപീകരിക്കുന്നത്.വിവിധ വിഷയ മേഖലകളിലെ അധ്യായങ്ങൾ എഴുതി തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ ടൂൾ ബുക്ക് പരിചയപ്പെടുത്തുന്നതിനുള്ള ആദ്യഘട്ട പരിശീലനങ്ങളാണ് പൂർത്തിയായത്.ജില്ലയിൽ രൂപീകരിച്ചിട്ടുള്ള 29 ജില്ലാതല ഉപസമിതികളിൽ 23 എണ്ണത്തിനുള്ള പരിശീലനമാണ് പൂർത്തിയായത്. ജില്ലാ ആസൂത്രണ സമിതി പ്രസിഡന്റ് മനോജ് മൂത്തേടൻ, ഡി.പി.സി അംഗങ്ങൾ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ജില്ലാ പ്ലാനിങ് ഓഫീസിലെ ഉദ്യോഗസ്ഥർ എന്നിവർ നേതൃത്വം നൽകി. ഇതിന് തുടർച്ചയായി ബന്ധപ്പെട്ട ഉപസമിതികൾ അതാത് തലങ്ങളിൽ യോഗങ്ങൾ ചേരുകയും 2024 ഡിസംബർ അവസാനത്തോടെ കരട് അധ്യായങ്ങൾ തയ്യാറാക്കി സമർപ്പിക്കുകയും വേണം. ജില്ലാ പദ്ധതി രൂപീകരണ പുരോഗതി സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയും ജില്ലാ കളക്ടറും തുടർച്ചയായ വിലയിരുത്തലുകൾ നടത്തും.

# എറണാകുളം ജില്ല പഞ്ചഗുസ്തി മത്സരം നവംബർ മൂന്നിന്

**കൊച്ചി:** 47-ാമത് എറണാകുളം ജില്ലാ പഞ്ചഗുസ്തി മത്സരം നവംബർ മൂന്നിന് എറണാകുളം വൈ. എം.സി.എ. ഓഡിറ്റോറിയത്തിൽ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യും. എറണാകുളം വൈ. എം.സി.എ.യും ജില്ലാ പഞ്ചഗുസ്തി അസ്സോസിയേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മത്സരങ്ങൾ നവംബർ 3-ന് രാവിലെ 8.30-ന് ആരംഭിക്കും. സബ് ജൂനിയർ, ജൂനിയർ, യൂത്ത്, മാസ്റ്റേഴ്സ്, ഭിന്നശേഷി വിഭാഗങ്ങളിലായി ഏകദേശം നാനൂറോളം പുരുഷ വനിത കായികതാരങ്ങൾ മത്സരത്തിൽ അണിനിരക്കും. കഴിഞ്ഞ ലോക, ഏഷ്യാ,



ദേശീയ മത്സരങ്ങളിലും ദേശീയ പോലീസ് ഗെയിംസിലും മെഡലുകൾ കരസ്ഥമാക്കിയ താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. മത്സരത്തോടനു ബന്ധിച്ചുള്ള ശരീരഭാര നിർണ്ണയം നവംബർ 2-ന് രാവിലെ 10 മണി മുതൽ 6 മണി വരെ കോലഞ്ചേരി എളൂർ റെസിഡൻസിയിൽ നടക്കും.ഉദ്ഘാടന സമ്മേളനത്തിൽ വൈ.എം.സി.എ. പ്രസിഡന്റ് ഡോ. ടെറി തോമസ് അദ്ധ്യക്ഷത വഹിക്കും. എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തും. അസ്സോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജോജി ഏളൂർ, ജില്ലാ പ്രസിഡന്റ് ജോർജ് ഇടപ്പരത്തി, സെക്രട്ടറി കെ.എഫ്. നോബി, വൈ. എം.സി.എ. ഭാരവാഹികളായ ആന്റോ ജോസഫ്, ബ്രിജിത്ത് ജോർജ് എബ്രഹാം, സജി എബ്രഹാം തുടങ്ങിയവർ പ്രസംഗിക്കും.

## വാക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ മോ!ഡൽ കരിയർ സെൻററിൻറെ! ആഭിമുഖ്യത്തിൽ എസ് ബി ഐ അനുബന്ധ സ്ഥാപനമായ എസ് ബി ഐ ലൈഫിൽ പെരുമ്പാവൂർ ശാഖയിലേക്ക് ഇൻറ ർവ്യൂ നടത്തും. ചൈൽഡ് എഡ്യൂക്കേഷൻ ഓഫീസർ, ഫിനാൻഷ്യൽ കൺസൾട്ടന്റ് ആന്റ് പെൻഷൻ മാനേജർ, പ്രൊമോട്ടർ എന്നീ തസ്തികകളിലായി 50 ഒഴിവുകൾ. . പ്രായപരിധി 3055.യോഗ്യത എസ്.എസ്.എൽ.സി യും അതിന് മുകളിലും. ഇന്റർവ്യൂ നവംബർ ഒന്നിന് രാവിലെ 10മുതൽ ഉച്ചയ്ക്ക് 12.30 വരെ എസ് ബി ഐ ലൈഫിന്റെ പെരുമ്പാവൂർ ഓഫിസിൽ നടക്കും
ഫോൺ; 9656834132

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ജി.വി.എച്ച്.എസ്.എസ് ഈസ്റ്റ് മാറാടിയിൽ ആരംഭിക്കുന്ന സ്കിൽ ഡവലപ്മെന്റ് സെന്റ്ററിൽ ഇലക്ട്രിക് വെഹിക്കിൾ ടെക്നീഷ്യൻ കോഴ്സിലേക്ക് ആവശ്യമായ ഗുണമേന്മയുള്ള ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 14ന് വൈകിട്ട് നാലു വരെ.
ഫോൺ; 9495938066.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷിക്കാം

**കൊച്ചി:** കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ ബി എസ് സെന്റർ ഫോർ സയൻസ് ആൻറ് ടെക്നോളജിയുടെ കളമശേരി മേഖല കേന്ദ്രത്തിൽ നവംബർ 14 ന് ആരംഭിക്കുന്ന കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്വർക്കിങ്ങ് (യോഗ്യതപ്ലസ് ടു / ഐടിഐകെ / ഡിപ്ലോമ / ഡിഗ്രി ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് വിത്ത് ടാലി ആന്റ് ജി എസ് ടി (യോഗ്യത കോമേഴ്സ്), ഡാറ്റ എൻട്രി ആൻറ് ഓഫീസ് ഓട്ടോമേഷൻ (യോഗ്യതഎസ് എസ് എൽ സി) എന്നീ കോഴ്സുകൾക്ക് ഓൺലൈനായി ഠഠഠ.ഹയരെലെട്ടില.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ഫോൺ 8921234382, 0484 2541520.

# കേരള സ്കൂൾ ശാസ്ത്രോത്സവം: ലോഗോ പ്രകാശനം ചെയ്തു



**കൊച്ചി:** കേരള സ്കൂൾ ശാസ്ത്രോത്സവം 2024 ന്റെ ലോഗോ പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻ കുട്ടി പ്രകാശനം ചെയ്തു. തലശ്ശേരി ബ്രണ്ണൻ കോളേജ് അവസാനവർഷ എം.എ ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥി റജൂൺ രമേഷ് ആണ് ലോഗോ ഡിസൈൻ ചെയ്തത്.പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് ഐ എ എസ്,പൊതു വിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു കെ ഐ.എ എസ്,പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്) സന്തോഷ് സി എ,പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(ജനറൽ) ഷിബു ആർ എസ്,വിദ്യാഭ്യാസ ഉപഡയറക്ടർ ധന്യ ആർ കുമാർ,കെ. എ. എം. എ. ജനറൽ സെക്രട്ടറി തമീമുദ്ധീൻ എന്നിവർ സന്നിഹിതരായിരുന്നു

## പുസ്തക പ്രദർശനം

**തിരുവനന്തപുരം:** നവംബർ ഒന്നു മുതൽ ഏഴുവരെയുള്ള പ്രവൃത്തിദിനങ്ങളിൽ നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിൽ പുസ്തകപ്രദർശനം നടക്കും. 2024ലെ മലയാളദിനാഘോഷത്തിന്റേയും ഭരണഭാഷാ വാരാഘോഷത്തിന്റേയും ഭാഗമായാണ് പ്രദർശനം നടക്കുന്നത്. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട പുസ്തകങ്ങളും കേരള സർക്കാരിന്റെ പരമോന്നത സാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ പുസ്തകങ്ങളും പ്രദർശനത്തിൽ ഉൾപ്പെടുത്തും. പുസ്തകപ്രദർശനം നവംബർ ഒന്നിന് രാവിലെ 11.10ന് നിയമസഭാ സെക്രട്ടറി ഡോ.എൻ. കൃഷ്ണ കുമാർ ഉദ്ഘാടനം ചെയ്യും.

# അക്ഷയസംരംഭം : അഭിമുഖം ഇന്നും നാളെയും

**തിരുവനന്തപുരം:** അക്ഷയ പദ്ധതിയിൽ തിരുവനന്തപുരം ജില്ലയിൽ പുതിയതും, ഒഴിവു വന്നതുമായ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ ചെറുന്നിയൂർ ലൊക്കേഷൻ, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ കട്ടിംഗ് ലൊക്കേഷൻ, ആർക്കോണം ഗ്രാമപഞ്ചായത്തിലെ പള്ളിച്ചവീട് ലൊക്കേഷൻ, വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ നെല്ലിവിള ലൊക്കേഷൻ, അഴൂർ ഗ്രാമപഞ്ചായത്തിലെ പെരുങ്ങുഴി ജംങ്ഷൻ ലൊക്കേഷൻ, ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മണ്ണാത്തിമൂല ലൊക്കേഷൻ, വെമ്പായം ഗ്രാമപഞ്ചായത്തിലെ വെട്ടുപാറ ലൊക്കേഷൻ, വെമ്പായം ഗ്രാമപഞ്ചായത്തിലെ വഴക്കാട് ലൊക്കേഷൻ, കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കാക്കാമൂല ലൊക്കേഷൻ, വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ പുളിയറക്കോണം ലൊക്കേഷൻ, ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ആര്യൻകോട് ലൊക്കേഷൻ, ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ കുറ്റിയായണിക്കാട് ലൊക്കേഷൻ, കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നാൽപ്പറക്കുഴി ലൊക്കേഷൻ, കല്ലറ ഗ്രാമപഞ്ചായത്തിലെ കൊടിതുക്കിയകുന്ന് ജംങ്ഷൻ ലൊക്കേഷൻ, കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ പേഴുംമൂട് ലൊക്കേഷൻ, പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാപ്പിക്കാട് ലൊക്കേഷൻ എന്നിവയിലേക്ക് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിമുഖം നവംബർ ഒന്ന്, രണ്ട് തിയതികളിൽ നടക്കും. അപേക്ഷ സമർപ്പിച്ചവരിൽ നിയമപ്രകാരം യോഗ്യത നേടിയ അപേക്ഷകർ അന്നേ ദിവസങ്ങളിൽ രാവിലെ 10.30 മുതൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ചേംബറിൽ അഭിമുഖത്തിനായി ഹാജരാകണം.അപേക്ഷകർ അക്ഷയ ജില്ലാ ഓഫീസിൽ നിന്ന് നൽകിയിട്ടുള്ള ഇമെയിലിന്റെ പ്രിന്റൗട്ട്, അസൽ ഫോട്ടോ, ഐഡി കാർഡ് എന്നിവ സഹിതം അഭിമുഖത്തിൽ പങ്കെടുക്കേതാണെന്ന് അക്ഷയ പ്രൊജക്ട് ചീഫ് കോർഡിനേറ്ററായ ജില്ലാ കളക്ടർ അറിയിച്ചു.

## സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

**തിരുവനന്തപുരം:** 202425 വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ാോ.രലല.സലൃമഹമ.ഴീ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ നവംബർ 5 വൈകുന്നേരം നാലു മണിക്ക് മുമ്പ് പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള രേഖകളുമായി ഹാജരായി പ്രവേശനം നേടണം. നിശ്ചിത സമയത്തിനുള്ളിൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാക്കും. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0471 2525300

## ന്യൂനപക്ഷ കമ്മീഷൻ വാട്സ് ആപ്പിലും പരാതി സ്വീകരിക്കും

**തിരുവനന്തപുരം:** സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നവംബർ ഒന്ന് മുതൽ വാട്സ് ആപ്പിലൂടെയും പരാതി സ്വീകരിക്കുമെന്ന് ചെയർമാൻ അഡ്വ. എ. എ. റഷീദ് അറിയിച്ചു. നവംബർ ഒന്നിന്, പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. രേണു രാജ് നിർവഹിക്കും.നിലവിൽ നേരിട്ടും ഇ മെയിൽ, തപാൽ മുഖേനയും പരാതികൾ സ്വീകരിക്കുന്നു്. ഇതിന് പുറമെയാണ് വാട്സ് ആപ്പിലൂടെയും പരാതി സ്വീകരിക്കുന്നത്. പരാതികൾ 9746515133 നമ്പറിൽ അയയ്ക്കാവുന്നതാണ്.പരാതികൾ എത്രയും വേഗം സൗകര്യപ്രദമായി അയക്കാനുള്ള ജനകീയ ഇടപെടലാണ് പുതിയ സംരംഭത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന് അഡ്വ. എ. എ. റഷീദ് പറഞ്ഞു. സംസ്ഥാനത്ത് ആദ്യമായാണ് ഒരു കമ്മീഷനിൽ വാട്സ് ആപ്പിലൂടെ പരാതി സ്വീകരിക്കാനുള്ള സംവിധാനം ഒരുങ്ങുന്നത്. വാട്സ് ആപ്പ് മുഖേന പരാതി സ്വീകരിക്കുന്നത് വഴി സംസ്ഥാനത്തെ നാൽപ്പത്തിയാറ് ശതമാനം വരുന്ന ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ഞൊടിയിടയിൽ കമ്മീഷനെ സമീപിക്കുന്നതിനും പരാതികൾ സമർപ്പിക്കുന്നതിനും വേഗത്തിൽ പരിഹാരം കാണുന്നതിനും കഴിയും.

## 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം നവംബർ 5ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# എ.സി ബസിന് പകരം നോൺ എ.സി ബസ്; കെഎസ്ആർടിസിക്ക് പിഴ ചുമത്തി



**കൊച്ചി:** ബുക്ക് ചെയ്ത എ.സി ബസ്സിനു പകരം നോൺ എ.സി ബസ്സിൽ 14 മണിക്കൂർ ദുരിത യാത്ര ചെയ്യേണ്ടി വന്ന കുടുംബത്തിന് ടിക്കറ്റ് തുകയായ 4943/ രൂപയും 40,000/ രൂപ നഷ്ടപരിഹാരവും 10,000/ രൂപ കോടതി ചെലവും നൽകാൻ കെഎസ്ആർടിസിക്ക് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക കോടതി ഉത്തരവ് നൽകി.ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും നിലവാരമുള്ള സേവനം യഥാസമയം യാത്രക്കാർക്ക് ഉറപ്പുവരുത്താനുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം. തുടർ നടപടികൾക്കായി സംസ്ഥാന ഗതാഗത സെക്രട്ടറിക്ക് ഉത്തരവിന്റെ പകർപ്പ് നൽകാനും കോടതി നിർദ്ദേശിച്ചു.എറണാകുളം ആലങ്ങാട് സ്വദേശി അനീഷ് എം എ , കെഎസ്ആർടിസി എംഡിയെ എതിർകക്ഷിയാക്കി സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.പരാതിക്കാരനും ഭാര്യയും പത്തും പന്ത്രണ്ടും വയസ്സുള്ള രണ്ട് കുട്ടികളും ഉൾപ്പെട്ട യാത്ര സംഘത്തിനാണ് ദുരനുഭവം ഉണ്ടായത്.മൂകാംബിക ക്ഷേത്രദർശനത്തിന് ശേഷം കൊല്ലൂരിൽ നിന്ന് ആലുവയിലേക്കുള്ള യാത്രയ്ക്ക് വേണ്ടിയാണ് കെഎസ്ആർടിസിയുടെ എസി മൾട്ടി ആക്സിൽ ബസ് പരാതിക്കാരൻ ഓൺലൈനിലൂടെ ബുക്ക് ചെയ്തത്.2023 ഏപ്രിൽ 30ന് ബസിൽ കയറാനായി കൊല്ലൂരിൽ നിന്ന് ബസ് പുറപ്പെടുന്നതിന് 15 മിനിറ്റ് മുമ്പ് തന്നെ അവർ എത്തി. എന്നാൽ ഉച്ചയ്ക്ക് 2. 15 ന് പുറപ്പെടേണ്ട ബസ് വൈകിട്ട് അഞ്ചര മണിയായിട്ടും എത്തിയില്ല. അവസാനം ഒരു പഴയ നോൺ എസി ബസ് ആണ് യാത്രയ്ക്കായി കെഎസ്ആർടിസി ഏർപ്പെടുത്തിയത്.

പതിനാലു മണിക്കൂർ നീണ്ട ആ ദുരിത യാത്രമൂലം ശാരീരികവും മാനസികവുമായി തളർന്നുപോയ പരാതിക്കാരനും കുടുംബവും തൃശൂർ പൂരംത്തിലെ ട്രാഫിക് തടസ്സം മൂലം പിന്നെയും വൈകി.രാവിലെ പത്തിനാണ് യാത്രാ സംഘം ആലുവആലുവയിൽ എത്തിയത്.എട്ടു മണിക്കൂർ ആണ് യാത്രയ്ക്കായി കൂടുതൽ എടുത്തത്.'പൊതു ഗതാഗത സംവിധാനത്തിന്റെ വിശ്വാസ്യത നിലനിർത്താൻ നിയമപരമായി ചുമതലപ്പെട്ടവരുടെ കെടുകാര്യസ്ഥതയും ഉത്തരവാദിത്വമില്ലായ്മയുമാണ് ഈ സംഭവത്തിന് കാരണമെന്ന് കോടതി ഉത്തരവിൽ വിലയിരുത്തി.'ഉന്നത നിലവാരമുള്ള എസി ബസിലെ യാത്രയ്ക്ക് പണം വാങ്ങിയശേഷം തകരാറിലായ പഴയ നോൺ എ.സി ബസ് യാത്രക്കായി നൽകിയത് സേവനത്തിലെ ന്യൂനതയാണ്. ഇത്തരം പെരുമാറ്റത്തിലൂടെ വ്യക്തികളെ മാത്രല്ല ഈ സംവിധാനത്തിലുള്ള ജനങ്ങൾക്കുള്ള വിശ്വാസത്തിനാണ് ഉലച്ചിൽ തട്ടിയതെന്ന് ഡി.ബി ബിനു അധ്യക്ഷനും , വി.രാമചന്ദ്രൻ ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് വിലയിരുത്തി.4,943 രൂപ ടിക്കറ്റ് ചാർജ് ,40,000/ നഷ്ടപരിഹാരവും പതിനായിരം രൂപ കോടതി ചെലവും 45 ദിവസത്തിനകം കെഎസ്ആർടിസി പരാതിക്കാരന് നൽകണമെന്ന് കോടതി നിർദ്ദേശിച്ചു.പരാതിക്കാരന് വേണ്ടി അഡ്വ. ടി.ജെ ലക്ഷ്മണ അയ്യർ ഹാജരായി.

# ഐവിഎഫ് സേവനങ്ങളുമായി കിൻഡർ ഹോസ്പിറ്റൽ




**കൊച്ചി:** കിൻഡർ ഹോസ്പിറ്റൽ കൊച്ചിയിൽ അത്യാധുനിക സൗകര്യങ്ങളോടെ ഐവിഎഫ് സേവനങ്ങൾ ആരംഭിക്കുന്നു. ഐ.വിഎഫ് ലാബിന്റെയും മറ്റു സേവനങ്ങളുടെയും ഉദ്ഘാടനം കിൻഡർ ഗ്രൂപ്പ് ചെയർമാൻ ഡോ. വി കെ പ്രദീപ് കുമാറിന്റെ സാന്നിധ്യത്തിൽ നവംബർ ഒന്നിന് 12 ന് സിനിമ ടെലിവിഷൻ താരങ്ങളായ ശ്രീറാം രാമചന്ദ്രൻ, റബേക്ക സന്തോഷ് എന്നിവർ ചേർന്ന് നിർവഹിക്കും. 15 വർഷത്തെ പ്രവർത്തന മികവുകൊണ്ട് 5000ത്തോളം ദമ്പതിമാർക്ക് കുഞ്ഞ് എന്ന് ആഗ്രഹസാഫല്യത്തിന് താങ്ങായി നിന്ന കിൻഡർ ഗ്രൂപ്പിന്റെ ഐ.വി.എഫ് സേവനങ്ങൾ ഇനി കൊച്ചിയിലും ലഭ്യമാകുമെന്ന് കിൻഡർ ഐ.വി. എഫ് വിഭാഗത്തിലെ ഡോക്ടർമാരായ ഡോ അഭിഷേക് രാധാകൃഷ്ണൻ, ഡോ. പ്രിയങ്ക, കെ ആർ രഞ്ജിത്ത് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.അന്താരാഷ്ട്ര നിലവാരത്തിൽ മികച്ച വിജയ നിലവാരം പുലർത്തുന്ന കിൻഡർ ഐ.വി.എഫ് സെന്ററുകളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനവും കൊച്ചിയിൽ ലഭ്യമാകും. ഏറ്റവും മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന ഐ.വി.എഫ് സെന്ററിൽ ഇക്സി ട്രീറ്റ്മെന്റ്, സർജിക്കൽ റിട്രൈവൽ ഓഫ് സ്പെമ്സ്, സറോഗസി ട്രീറ്റ്മെന്റ്, ഡോണർ ട്രീറ്റ്മെന്റ്, കൂടാതെ ഭാവിയിലേക്ക് സൂക്ഷിച്ചു വെക്കാനുള്ള എംബ്രിയോ ഫ്രീസിങ്, എഗ്ഗ് ഫ്രീസിങ്, സെമെൻ ഫ്രീസിങ് സംവിധാനങ്ങൾ, എന്നിവ ഉണ്ടാവും. ആൻഡ്രോളജി, ഹൈ റിസ്ക് പ്രെഗ്നൻസി മാനേജ്മെന്റ്, ഒ ബി ജി & ഗൈനകോളജി, ലെവൽ 3 എൻ ഐ സി യു സേവനങ്ങളും, കിൻഡർ കൊച്ചിയിൽ ലഭ്യമാണ്. പേഷ്യന്റ് പ്രൈവസിക്കു പ്രാധ്യാനം നൽകികൊണ്ട് പ്രത്യേക ബിൽഡിംഗിലായിരിക്കും കിൻഡർ ഐ.വി.എഫ് പ്രവർത്തനങ്ങൾ സജമാകുക.സീനിയർ എംബ്രോയോളജിസ്റ്റ്, സതീഷ് കുമാർ സി.ഒ.ഒ, കിൻഡർ ഹോസ്പിറ്റൽസ് കൊച്ചി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## മോട്ടോസ്റ്റുഡന്റ് സീസൺ 3: ശ്രീ ചിത്ര തിരുനാൾ കോളജ് ഓഫ് എൻജിനിയറിങ്ങിന് നേട്ടം

**തിരുവനന്തപുരം:** ഫ്രറ്റേർണിറ്റി ഓഫ് മെക്കാനിക്കൽ ആൻഡ് ഓട്ടോമോട്ടീവ് എൻജിനിയേഴ്സ് ഒക്ടോബർ 18 മുതൽ 25 വരെ നടത്തിയ മോട്ടോസ്റ്റുഡന്റ് സീസൺ 3 മത്സരത്തിൽ പാപ്പനംകോട് ശ്രീചിത്ര തിരുനാൾ കോളജ് ഓഫ് എൻജിനിയറിങ്ങിലെ ഓട്ടോമൊബൈൽ വിദ്യാർഥികൾ (ടീം വെലോസ്റ്റേർസ്) രണ്ടാംസ്ഥാനം കരസ്ഥമാക്കി. ഡിസൈൻ, ഫാബ്രിക്കേഷൻ, റേസ് ബൈക്കുകളുടെ ടെസ്റ്റിങ്ങും മാർക്കറ്റിങ്ങും തുടങ്ങിയവയാണ് വെലോസ്റ്റേർസ് ടീം ചെയ്തത്. ബ്രേക്ക് ടെസ്റ്റ്, ആക്സെലറേഷൻ ടെസ്റ്റ്, എൻഡുറൻസ് റേസ്, സ്തെറ്റിക്ക്സ് എന്നീ വിഭാഗങ്ങളിൽ ഒന്നാംസ്ഥാനവും ഓട്ടോക്രോസ് എന്ന വിഭാഗത്തിൽ രണ്ടാംസ്ഥാനവും കരസ്ഥമാക്കിയാണ് ഓവറോൾ റണ്ണറപ്പായത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നാവികസേനയ്ക്ക് അക്കോസ്റ്റിക് റിസർച്ച് കപ്പൽ: ജിആർഎസ്ഇ-എൻപിഒഎൽ കരാറിൽ

**കൊച്ചി:** സമുദ്ര ശാസ്ത്ര ഗവേഷണങ്ങൾക്കായി നാവിക സേനയ്ക്ക് അത്യാധുനിക അക്കോസ്റ്റിക് റിസർച്ച് ഷിപ്പ് നിർമിച്ചു നൽകുന്നതിനായി രാജ്യത്തെ പ്രമുഖ കപ്പൽ നിർമാണ സ്ഥാപനമായ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സും (ജിആർഎസ്ഇ) നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറിയുമായി (എൻപിഒഎൽ) കരാറിലെത്തി. ജിആർഎസ്ഇ ഷിപ്പ്ബിൽഡിങ് വിഭാഗം ഡയറക്ടർ ശന്തനു ബോസും എൻപിഒഎൽ ഗ്രൂപ്പ് മെറ്റീരിയൽ മാനേജ്മെന്റ് വിഭാഗം ഡയറക്ടർ സിജോ എൻ ലൂക്കോസും ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പുവെച്ചു. സമുദ്രാന്തർഭാഗത്തെ ശബ്ദ തരംഗങ്ങളെക്കുറിച്ചും മത്സ്യസമ്പത്തിനെക്കുറിച്ചും ഗവേഷണം നടത്തുന്നതിനും സമുദ്രാതിർത്തിക്കുള്ളിലെ അന്തർവാഹിനി സാന്നിധ്യം തിരിച്ചറിയുന്നതിനുമായ അത്യധുനിക റഡാർ സംവിധാനങ്ങളാണ് അക്കോസ്റ്റിക് റിസർച്ച് ഷിപ്പിൽ ഉണ്ടാകുക.



491 കോടി രൂപ മുതൽമുടക്കിൽ നിർമിക്കുന്ന ഈ ഗവേഷണ കപ്പലിന് 90 മീറ്റർ നീളവും 14 വീതിയുമാണുള്ളത്. കപ്പലിന് 4 മുതൽ 12 നോട്ടിക്കൽ മൈൽ വേഗത കൈവരിക്കാനാകും.

## ഡോൾബിയും ജിനും കൈ കോർക്കുന്നു



**ന്യൂഡൽഹി:** ഇമേഴ്സീവ് എന്റർടൈൻമെൻറ് അനുഭവങ്ങളിലെ മുൻനിരയിലുള്ള, ഡോൾബി ലബോറട്ടറീസ് പോപ്പ് ഐക്കണുകളായ ബി.ടി.എസ്.ൻറെ
ജിനുമായി കൈകോർക്കുന്നു. ഐ വിൽ ബി ദേർ എന്ന സിംഗിളിനു ശേഷം, ജിനിന്റെ ആദ്യ സോളോ ആൽബം ഹാപ്പി നവംബർ 15 ന് ലോകമെമ്പാടുംഡോൾബി അറ്റ്മോസിൽ റിലീസ് ചെയ്യാൻ തയ്യാറായിട്ടുണ്ട്.ജിൻ തന്റെ അവിശ്വസനീയമായ പ്രകടനത്തിലൂടെയും സംഗീതത്തിലൂടെ വികാരങ്ങൾസംവേദിക്കാനുള്ള അസാധാരണമായ നൈപുണ്യങ്ങളിലൂടെയും ലോകമെമ്പാടുമുള്ള പ്രേക്ഷകരെ ആകർഷിച്ചുവെന്ന് ഡോൾബി ലബോറട്ടറീസ് സീനിയർ വൈസ് പ്രസിഡന്റും ചീഫ് മാർക്കറ്റിംഗ് ഓഫീസറുമായ ടോഡ് പെൻഡിൽടൺ പറഞ്ഞു.

# വർമ്മ ഗാർഡേനിയയ്ക്ക് ഐജിബിസി പ്ലാറ്റിനം പ്രീസർട്ടിഫിക്കേഷൻ

VARMA HOMES
A LEGACY OF FINE LIVING

**കൊച്ചി:** കലൂരിലെ വർമ്മ ഗാർഡേനിയയ്ക്ക് ഐജിബിസി പ്ലാറ്റിനം പ്രീസർട്ടിഫിക്കേഷൻ ലഭിച്ചതായി അധികൃതർ വ്യക്തമാക്കി. കെട്ടിട നിർമ്മാണ മേഖലയിൽ പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകുന്നതും പരിസ്ഥിതി സൗഹൃദപരമായ ഹരിത നടപടികൾ ലക്ഷ്യം വെയ്ക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് ഐജിബിസി ഗ്രീൻ ഹോംസ് റേറ്റിംഗ് സിസ്റ്റം നൽകുന്ന പ്ലാറ്റിനം പ്രീസർട്ടിഫിക്കേഷനാണ് വർമ്മ ഗാർഡേനിയയ്ക്ക് ലഭിച്ചിരിക്കുന്നത്. നിർമ്മാണ മേഖലയിലെ പ്രകൃതി സൗഹാർദ്ദപരമായ വ്യത്യസ്ത വശങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പ്രീസർട്ടിഫിക്കേഷൻ നൽകുന്നതെന്നും വർമ്മ ഗാർഡേനിയൻ അധികൃതർ വ്യക്തമാക്കി.

# ബാങ്കേഴ്സ് ക്ലബ് കൊച്ചി: ഭാരവാഹികളെ തിരഞ്ഞെടുത്തു





**കൊച്ചി:** ബാങ്കേഴ്സ് ക്ലബ്ബ് കൊച്ചിയുടെ 51ാമത് വാർഷിക പൊതുയോഗം ഹോട്ടൽ പാർക്ക് സെൻട്രലിൽ നടന്നു. അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ യോഗം തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികളായി ബിജു പുന്നച്ചാലിൽ, ജനറൽ മാനേജർ, സൗത്ത് ഇന്ത്യൻ ബാങ്ക് (പ്രസിഡന്റ്), ലക്ഷ്മി ദേവി, സൗത്ത് ഇന്ത്യൻ ബാങ്ക് അസി. ജനറൽ മാനേജർ (സെക്രട്ടറി), രാജേഷ് മൂത്തേടൻ ചീഫ് മാനേജർ ഇസാഫ് ബാങ്ക് (ട്രഷറർ.) എന്നിവരെ തിരഞ്ഞെടുത്തു.

# മുത്തൂറ്റ് ഫിനാൻസ് ഭിന്നശേഷിക്കാർക്ക് പ്രത്യേക വാഹനം നൽകി



**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ വഴി ഭിന്നശേഷിക്കാർക്ക് ഓട്ടോമേറ്റഡ് വാഹനം നൽകി. വാഹനത്തിൻറെ ഫ്ളാഗ് ഓഫ് ചടങ്ങിൽ ഹൈബി ഈഡൻ എംപി, മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് മുത്തൂറ്റ് ജോർജ്ജ്, ഐഎംഎ കൊച്ചിയുടെ മുതിർന്ന പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആരോഗ്യ പരിചരണങ്ങൾ ലഭ്യമാക്കാനും സ്വയം യാത്ര ചെയ്യാനും മുത്തൂറ്റ് ഫിനാൻസിൻറെ ഈ സിഎസ്ആർ പദ്ധതി വഴി സാധിക്കും. ഐഎംഎ കൊച്ചിയുടെ നിയന്ത്രണത്തിലുള്ള അരികെ പാലിയേറ്റീവ് കെയർ എൻജിഒയ്ക്കാണ് ഈ വാഹനത്തിൻറെ പ്രവർത്തന പരിപാലന ചുമതല.ഉത്തരവാദിത്തമുള്ള കോർപറേറ്റ് സ്ഥാപനമായാണ് മുത്തൂറ്റ് ഫിനാൻസ് എന്നും നിലകൊള്ളുന്നതെന്ന് മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ജോർജ്ജ് മുത്തൂറ്റ് ജോർജ്ജ് പറഞ്ഞു. ബിസിനസ് വളർച്ചയ്ക്ക് ഉപരിയായി സമൂഹത്തെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തെ പിന്തുണക്കുക എന്നതാണ് തങ്ങളുടെ അടിസ്ഥാന മൂല്യങ്ങൾ. ഈയൊരു പ്രവൃത്തിയിലൂടെ ഭിന്നശേഷിക്കാരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# വയറലായി വിൻസോ കാരിമിനാറ്റി വീഡിയോ

**കൊച്ചി:** സാമൂഹ്യ ഗെയിമിങ് സംവിധാനമായ വിൻസോ യൂട്യൂബറായ കാരിമിനാറ്റിയുമായി ചേർന്ന് തയ്യാറാക്കിയ പ്രശസ്ത യൂട്യൂബർ മിസ്റ്റർ ബീസ്റ്റിന്റെ നർമ അനുകരണ വീഡിയോ ഇന്റർനെറ്റിൽ തരംഗമായി. വീഡിയോ പുറത്തിറക്കി 24 മണിക്കൂറിനുള്ളിൽ 24 ദശലക്ഷം പേരാണിത് കണ്ടത്. 47 ലക്ഷം ലൈക്കുകളും ലഭിച്ചു. ആകെ 625 ദശലക്ഷം വരിക്കാരുമായി ഇന്ത്യൻ യുട്യൂബ് ചരിത്രത്തിലെ ഏറ്റവും വലിയ ഇന്റർനെറ്റ് സഹകരണമാണ് ഇതോടെ നടന്നിരിക്കുന്നതെന്ന് വിൻസോ സഹസ്ഥാപക സൗമ്യ സിംഗ് റാത്തോർ പറഞ്ഞു.ആഗോള പ്രശസ്തമായ മിസറ്റർ ബീസ്റ്റിന്റെ നർമാനുകരണമായ മിസ്റ്റർ ലീസ്റ്റ് ആയാണ് കാരിമിനാറ്റി ഈ വീഡിയോയിൽ എത്തുന്നത്. ഇന്ത്യയിലെ മുൻനിര ക്രിയേറ്റർമാരായ ഭുവൻ ബാം, ആഷിഷ് ചഞ്ച്ലാനി, ഹർഷ് ബെനിവാൾ, ടെക്നിക്കൽ ഗുരുജി, മോർട്ടൽ എന്നിവരും കാരിമിനാറ്റിക്കൊപ്പം വീഡിയോയിൽ എത്തുന്നുണ്ട്.കഴിഞ്ഞ മൂന്നു വർഷമായി വിൻസോയുടെ ഡിജിറ്റൽ ബ്രാൻഡ് അംബാസിഡറാണ് കാരിമിനാറ്റി. മഹേന്ദ്ര സിംഗ് ധോണിയാണ് വിൻസോയുടെ ബ്രാൻഡ് അംബാസഡർ. ലോകം ഡിജിറ്റലായി അനുദിനം വളരുകയാണെന്നും 700 ദശലക്ഷത്തിലേറെ കണക്ടഡ് ഉപഭോക്താക്കളുള്ള ഇന്ത്യ ഈ രംഗത്ത് മുന്നിലാണെന്നും സൗമ്യ സിംഗ് റാത്തോർ പറഞ്ഞു. സംസ്കാരവും സാങ്കേതികവിദ്യയും തമ്മിലുള്ള അന്തരം കുറക്കാനാണ് വിൻസോ ശ്രമിക്കുന്നതെന്നും സൗമ്യ ചൂണ്ടിക്കാട്ടി.ഒരു ഗെയിമറും കണ്ടന്റ് ക്രിയേറ്ററുമെന്ന നിലയിൽ വിൻസോയുമായുള്ള സഹകരണം വളരെ വിലപ്പെട്ടതാണെന്ന് കാരിമിനാറ്റി പറഞ്ഞു.

# ദീപാവലി യാത്രാത്തിരക്ക്: 58 പ്രത്യേക ട്രെയിൻ ; 272 അധിക സർവീസുമായി ദക്ഷിണ റെയിൽവേ

**തിരുവനന്തപുരം:** ദീപാവലി ആഘോഷവേളയിലെ യാത്രാത്തിരക്കു കണക്കിലെടുത്ത്, തിരക്കേറിയ പാതകളിൽ കൂടുതൽ സർവീസുകൾ പ്രഖ്യാപിച്ച് ദക്ഷിണ റെയിൽവേ. ദീപാവലിക്കാലത്ത് 58 പ്രത്യേക ട്രെയിനുകൾ 272 സർവീസ് നടത്തുമെന്ന് ദക്ഷിണ റെയിൽവെ തിരുവനന്തപുരം ഡിവിഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്, ഏറെ തിരക്കുള്ള തിരുവനന്തപുരം നോർത്ത് ഹസ്രത് നിസാമുദ്ദീൻ തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം നോർത്ത് എസ്എംവിടി, ബെംഗളൂരു തിരുവനന്തപുരം നോർത്ത്, കോട്ടയം എംജിആർ ചെന്നൈ സെൻട്രൽ കോട്ടയം, യശ്വന്ത്പുർ കോട്ടയം യശ്വന്ത്പുർ പാതകളിൽ ഉൾപ്പെടെയാണ് പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുക. ദീർഘദൂര പാതകളിലും അന്തർസംസ്ഥാന പാതകളിലും വർധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം കൈകാര്യം ചെയ്യുന്നതിനും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി മറ്റു സേവനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്.തിരുവനന്തപുരം ഡിവിഷനു കീഴിൽ യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് 10 ജോഡി ട്രെയിനുകളിൽ ദക്ഷിണ റെയിൽവേ അധിക കോച്ചുകൾ അനുവദിച്ചിട്ടുണ്ട്. വെയിറ്റിങ് ലിസ്റ്റിൽ യാത്രക്കാരുടെ എണ്ണം കുറയ്ക്കുന്നതിനും കൂടുതൽ പേർക്ക് യാത്രാസൗകര്യം ഉറപ്പാക്കുന്നതിനും ഇതു സഹായിക്കും. പ്രധാന സ്റ്റേഷനുകളിൽ തിരക്കു നിയന്ത്രിക്കുന്നതിന് കർശന പരിശോധനയ്ക്കായി കൂടുതൽ ടിക്കറ്റ് പരിശോധന ജീവനക്കാരെ വിന്യസിക്കും.പ്രത്യേക ദീപാവലി ട്രെയിനുകളുമായി രാജ്യ



വ്യാപക കണക്റ്റിവിറ്റിയും ദക്ഷിണ റെയിൽവേ സജ്ജമാക്കിയിട്ടുണ്ട്. ചെന്നൈ മധുര തിരുനെൽവേലി കന്യാകുമാരി, ചെന്നൈ,കോട്ടയം പാതകളിലും കൊച്ചുവേളിയിൽ നിന്ന് പ്രധാന നഗരങ്ങളായ ബംഗളൂരു, മുംബൈ, ഡൽഹി എന്നിവിടങ്ങളിലേക്കും പ്രത്യേക ട്രെയിനുകൾ അനുവദിച്ചു. വിശാഖപട്ടണം (ആന്ധ്രപ്രദേശ്), സാന്തരാഗാച്ഛി, ഷാലിമാർ (പശ്ചിമ ബംഗാൾ), അംബാല കന്റോൺമെന്റ് (ഹരിയാന), ബറൗനി, ധൻബാദ് (ബിഹാർ) എന്നിങ്ങനെ രാജ്യത്തെ വിവിധ മേഖലകളിലേക്കും പ്രത്യേക ട്രെയിനുകൾ ഗതാഗതസൗകര്യമൊരുക്കുന്നു.

ദീപാവലി ട്രെയിനുകൾ കൃത്യസമയം പാലിക്കുന്നതിനുള്ള തയ്യാറെടുപ്പുകളും ദക്ഷിണ റെയിൽവേ സ്വീകരിച്ചിട്ടുണ്ട്. തിരക്കേറിയ സമയങ്ങളിൽ തിക്കും തിരക്കും ഒഴിവാക്കി യാത്ര സുഗമമാക്കുന്നതിനായി ഗവൺമെന്റ് റെയിൽവേ പൊലീസ് (ജിആർപി), റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് (ആർപിഎഫ്) സംഘങ്ങളെ കാൽനടമേൽപ്പാലങ്ങളിലും പ്രധാന സ്ഥലങ്ങളിലും വിന്യസിച്ചിട്ടുണ്ട്. സിസിടിവി കൺട്രോൾ റൂമുകളും തിരക്കേറിയ പ്രദേശങ്ങൾ നിരീക്ഷിച്ച് തത്സമയ സഹായം നൽകുന്നു. തിരക്ക് ഒഴിവാക്കി ട്രെയിനിൽ കയറുന്നത് സുഗമമാക്കാൻ പ്രാരംഭ സ്റ്റേഷനുകളിലും പ്രധാന സ്റ്റേഷനുകളിലും ജനറൽ കോച്ചുകളിൽ യാത്രക്കാർക്ക് ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.അവസാന നിമിഷത്തെ തിരക്ക് ഒഴിവാക്കാനും സുഖകരമായ യാത്ര ഉറപ്പാക്കാനും മുൻകൂട്ടി ടിക്കറ്റ് ബുക്ക് ചെയ്യണമെന്ന് യാത്രക്കാരോട് ദക്ഷിണ റെയിൽവേ അഭ്യർഥിച്ചു. പ്രത്യേക ദീപാവലി ട്രെയിനുകളുടെയും വിശദവിവരങ്ങളും സമയക്രമവും ദക്ഷിണ റെയിൽവേയുടെ ഔദ്യോഗിക വെബ്സൈറ്റിലും കഞഇഠഇ പോർട്ടലുകളിലും ലഭ്യമാണ്. സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാനുഭവം പ്രദാനം ചെയ്യുന്നതിന് പ്രതിജ്ഞാബദ്ധമാണെന്നും തടസ്സരഹിത യാത്രയ്ക്കായി മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ യാത്രക്കാർ സഹകരിക്കണമെന്നും ദക്ഷിണ റെയിൽവെ തിരുവനന്തപുരം ഡിവിഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

## ലഹരിക്കെതിരെ പ്രാർത്ഥനാ ദിനാചരണം നടത്തി




**ലഹരിക്കെതിരെ വരാപ്പുഴ അതിരൂപത കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനാ ദിനാചരണവും ജപമാല റാലിയും വല്ലാർപാടം സെന്റ് മേരീസ് ബസലിക്ക കവാടത്തിൽ വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമറ്റം ഉദ്ഘാടനം ചെയ്യുന്നു.**

**കൊച്ചി:** ലഹരിക്കെതിരെ വരാപ്പുഴ അതിരൂപത കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ദിനാചരണവും ജപമാല റാലിയും നടത്തി. വല്ലാർപാടം സെന്റ് മേരീസ് ബസലിക്ക കവാടത്തിൽ നിന്നും അരംഭിച്ച റാലി വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇലഞ്ഞിമറ്റം ഉദ്ഘാടനം ചെയ്തു.അതിരൂപത പ്രസിഡന്റ് അലക്സ് മുല്ലാപറമ്പിൽ ,ആനിമേറ്റർ സി. ആൻ സി.എസ്.എസ്.ടി , സെക്രട്ടറി ജിഷ ടിക്സൻ തുടങ്ങിയവർ സംസാരിച്ചു. ഡയറക്ടർ ഫാ.ജോസഫ് ഷെറിൻ ചെമ്മായത്ത് ദിവ്യബലി അർപ്പിച്ചു. ഫെറോന ഇടവക ഭാരവാഹികളും,അംഗങ്ങളും, ആനിമേറ്റർമാരും പ്രാർഥനാ ദിനാചരണത്തിൽ പങ്കെടുത്തു.

## അമൃതയിൽ സ്ട്രോക് ദിനാചരണം സംഘടിപ്പിച്ചു

**കൊച്ചി:** ലോക സ്ട്രോക് ദിനാചരണത്തിന്റെ ഭാഗമായി അമൃത ആശുപത്രിയിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. സ്ട്രോക്കിന്റെ വിവിധ ലക്ഷണങ്ങൾ കോർത്തിണക്കി മെഡിക്കൽ വിദ്യാർഥികളുടെ നേതൃത്വത്തിൽ ഫ് ളാഷ് മോബ് സംഘടിപ്പിച്ചു. പൊതുജനങ്ങൾക്കായി ബോധവത്കരണ പോസ്റ്റർ പ്രദർശനവും നടന്നു. നഴ്സിംങ് വിദ്യാർഥികൾ സ്ട്രോക് അവബോധ ദൃശ്യാവിഷ്കാരം നടത്തി.ആശുപത്രിയുടെ മുന്നിൽ നിന്നാരംഭിച്ച സ്ട്രോക് ഡേ റണ്ണിന്റ ഫ്ലാഗ് ഓഫ് ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണർ രാജൻ നമ്പൂതിരിയും, സ്ട്രോക് വിഭാഗം മേധാവി ഡോ.വിവേക് നമ്പ്യാരും ചേർന്ന് നിർവഹിച്ചു. ഇടപ്പള്ളി കുന്നുംപുറം ജംഗ്ഷനിലേക്കും തിരിച്ച് ആശുപത്രിയിലേക്കും നടന്ന സ്ട്രോക് ഡേ റണ്ണിൽ ഇരുന്നൂറോളം പേരാണ് പങ്കെടുത്തത്.ഡോ. വിവേക് നമ്പ്യാർ ബോധവൽക്കരണ ക്ളാസുകൾ നടത്തി. ഉയർന്ന രക്തസമ്മർദ്ദമാണ് മസ്തിഷ്കാഘാതത്തിലേക്ക് നയിക്കുന്ന പ്രധാന ഘടകമെന്നും അതിനാൽ രക്തസമ്മർദ്ദം സന്തുലിതമായി നിലനിർത്താൻ ഉപ്പിന്റെ അമിത ഉപയോഗം നിയന്ത്രിക്കണമെന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com